പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ - ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇന്ന് ആകെ 30 സബ്മിഷനാണുള്ളത്. അതിന്റെ ഉത്തരങ്ങൾ മേശപ്പുറത്ത് വയ്ക്കാൻ ബന്ധപ്പെട്ട മന്ത്രിമാർ തയ്യാറായാൽ സഭ 12.30-ക്ക് അവസാനിപ്പിക്കാൻ സാധിക്കും. പ്രാസംഗികർ അതിനനുസരിച്ച് സമയം കുറച്ച് സംസാരിക്കണം. അത്തരത്തിലൊരു സംവിധാനമുണ്ടാക്കുന്നത് നന്നായിരിക്കും. സബ്മിഷനുശേഷം രണ്ട് ബില്ലുകളാണ് പരിഗണിക്കേണ്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അംഗങ്ങൾ സബ്മിഷൻ വളരെ ചുരുക്കി അവതരിപ്പിക്കേണ്ടതാണ്. വിശാലമായ പ്രസംഗം വേണ്ട. എന്താണോ നിങ്ങൾ സഭയുടെ ശ്രദ്ധയിൽക്കൊണ്ടുവരാനുദ്ദേശിക്കുന്നത് ആ പ്രശ്നം മാത്രം ഉന്നയിക്കുക. ബഹുമാനപ്പെട്ട മന്ത്രിമാർ ഉത്തരങ്ങൾ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്.